(ഡി) പി.എൻ.ബി കരാർ ബാധകമാക്കിയിട്ടുള്ള പ്ലാന്റേഷൻ കോർപ്പ റേഷനിലെ തൊഴിലാളികൾക്ക് ഈ ഉത്തരവ് ബാധകമല്ല.

123 (414) ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട്

<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് എന്നാണ് ഗവൺമെന്റ് സമർപ്പിച്ചത്;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) റിപ്പോർട്ട് നടപ്പിലാക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) റിപ്പോർട്ട് നടപ്പാക്കാനും വിവിധ ആവശ്യങ്ങൾ അനുവദിച്ചു കിട്ടാനുംവേണ്ടി ഫാം തൊഴിലാളികളുടെ സംയുക്ത സമരസമിതി സർക്കാ രിന് പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്ത മാക്കുമോ;

(എഫ്) ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1999 എപ്രിൽ മാസം അവസാനം.

(ബി)&(സി) സാമ്പത്തിക ബാദ്ധ്യതയുള്ളതിനാൽ കൃഷിവകുപ്പ് വിശദ മായി പരിശോധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി അയച്ചിരിക്കു കയാണ്. താമസംവിനാ തീരുമാനമുണ്ടാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കു ന്നു. ഇതിനിടയിൽ 150 രൂപയുടെ പ്രതിമാസ ഇടക്കാലാശ്വാസം ഫാം തൊഴി ലാളികൾക്ക് അനുദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ശമ്പള പരിഷ്ക്കരണ നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

(എഫ്) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 379, 398, 400 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. ശ്രദ്ധക്ഷണിക്കൽ

(1) സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം ചെറുകിട റബ്ബർ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

[9.30 AM] <u>ശ്രീ. കെ.എം. മാണി</u> : സർ, 1997 മുതൽ നിരന്തരമായി ഉന്നയിക്കുന്നതും ഇതുവരെ പ്രതിവിധി നേടാൻ കഴിയാത്തതും ഇവിടെ നടക്കുന്ന ചർച്ചകളൊക്കെ വനരോദനമായി മാറിയിരിക്കുന്നതുമായ ഒരു വിഷയമാണ് റബ്ബറിന്റെ വിലയിടിവ്. ഒരു കിന്റൽ റബ്ബറിന്റെ സൂചിതവില

LIBRARY ARCHIVES Kerala Legislative Assembly

34 രൂപയാണ്. കമ്പോളവില നമ്മൾ പരിശോധിക്കുന്നുവെങ്കിൽ ഇന്നത്തെ പത്രറിപ്പോർട്ട് അനുസരിച്ച് ആർ.എസ്.എസ്, 4-ന് 28 രൂപ 50 പൈസയാണ്. തരംതിരിക്കാത്ത ലോട്ട് റബ്ബറിന് 25 രൂപ 50 പൈസയാണ്. സൂചിതവിലയേക്കാൾ വളരെ താഴെയാണ് കമ്പോളവില കിടക്കുന്നത്. സൂചിത വിലയിൽ ഏതാണ്ട് 10 രൂപയോളം താഴെയാണ്. സാധാരണക്കാരൻ ഉൽപാദിപ്പിക്കുന്ന റബ്ബറിനെ സംബന്ധിച്ചിടത്തോളം സൂചിതവിലയേക്കാൾ 10 രൂപ താഴെയാണ് ഇന്ന് റബ്ബർ വില നിൽക്കുന്നത്. ഇത് വളരെ സങ്കടകരമായ ഒരു കാര്യമാണ്. എട്ട് ലക്ഷത്തോളം റബ്ബർ കർഷകർ പട്ടിണി അനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണം. നമ്മുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് കഴിഞ്ഞ 3 വർഷമായി 7000 കോടി രൂപ റബ്ബറിന്റെ വിലയിടിവുകൊണ്ട് നഷ്ടമുണ്ടായി. ഗവണ്മെന്റിനാണെങ്കിൽ ഭീമമായ നികുതി നഷ്ടവും. ഇത്ര ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് അലംഭാവം കാണിച്ചു. ഈ വിഷയം കൈകാര്യം ചെയ്യുന്നതിൽ ഗവണ്മെന്റ് പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ വിഷയം പരിഹരിക്കുന്നതിന് സത്വരമായ നടപടികൾ സ്വീകരിക്കണം. ഇതാണ് ഈ ശ്രദ്ധക്ഷണിക്കൽ കൊണ്ട് ഞാനുദ്ദേശിക്കുന്നത്. രണ്ടായിരാമാണ്ടിൽ വ്യത്യാസം വരാം. രണ്ടായിരാമാണ്ടിൽ സപ്ലൈയും, ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം റബ്ബർ പ്രൊഡക്ഷനെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ പോകുന്നില്ല. രണ്ടായിരാമാണ്ടിൽ മിക്കവാറും ബാലൻസ് ചെയ്യാം. പക്ഷെ ഇപ്പോഴത്തെ അവസ്ഥ എന്നു പറയുന്നത്, കഴിഞ്ഞ 3 വർഷക്കാലമായി ഉണ്ടായ മിച്ച റബ്ബർ ഇപ്പോൾ കെട്ടിക്കിടക്കുന്നു. റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് ഒരു ലക്ഷത്തി എഴുപത്തിഒൻപതിനായിരം ടൺ റബ്ബർ മിച്ചം കെട്ടിക്കിടക്കുകയാണ്. ആ ഒരു ലക്ഷത്തി എഴുപത്തൊൻപതിനായിരം ടണ്ണിൽ നിന്നും ഇൻഡ്യാ ഗവണ്മെന്റ് 12000 ടൺ എക്സ്പോർട്ട് ചെയ്തതു കഴിച്ചാൽ ഇത് മാർക്കറ്റിൽ ഒരു ലക്ഷത്തി അറുപത്തേഴായിരം ടൺ റബ്ബർ വ്യാപാരി കളുടേയും വ്യവസായികളുടേയും കൃഷിക്കാരുടെയും പക്കൽ കെട്ടിക്കിടക്കുകയാണ്. കമ്പോളത്തിൽ കെട്ടിക്കിടക്കുന്നു എന്നു പറയുന്നത് ആ അടിസ്ഥാനത്തിലാണ്. അപ്പോൾ ഒരു ലക്ഷത്തി അറുപത്തേഴായിരം ടൺ റബ്ബർ കെട്ടിക്കിടക്കുമ്പോൾ ഈ മിച്ച റബ്ബർ സംഭരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് പരാജയപ്പെട്ടു. ഇതാണ് എനിക്കു പറയാനുള്ളത്. മൂന്നു സംഭരണ ഏജൻസികളാണ് ഇവിടെയുള്ളത്. കേന്ദ്ര ഗവണ്മെന്റിന്റെ ഒരു സംഭരണ ഏജൻസി, സംസ്ഥാന ഗവണ്മെന്റിന്റെ ഒരു സംഭരണ ഏജൻസി. ഇവരുടെ സംഭരണം നമ്മൾ നോക്കുന്നുവെങ്കിൽ വളരെ പരിതാപകരമായ ഒരു രീതിയാണ്. ഞാൻ ഈ പറയുന്നത് 1999-2000 ആണ്ടിലെ കാര്യമാണ്. എസ്.റ്റി.സി. ഈ വർഷം 16,300 ടൺ സംഭരിച്ചു. ഉടനെത്തന്നെ 7500 ടൺ വിറ്റഴിച്ചു. ഇനി അവരുടെ കൈവശം ബാക്കി 8800 ടൺ റബ്ബറേയുള്ളു. റബ്ബർ മാർക്കറ്റിൽ 15,600 ടൺ സംഭരിച്ചു. 7100 ടൺ അവർ വിറ്റഴിച്ചു. ബാക്കി 8500 റബ്ബറേ അവരുടെ കൈവശ മുള്ളു. റബ്കോ 22000 ടൺ റബ്ബർ റബ്ബർ സംഭരിച്ചു. 8500 ടൺ വിറ്റഴിച്ചു. ഇനി അവരുടെ കൈവശം 13,500 ടൺ റബ്ബറാണ് ബാക്കിയുള്ളത്. ഇതിന്റെ അർത്ഥം എന്താണ്? ഞാൻ എന്തിനാണ് ഇതു സൂചിപ്പിച്ചത് എന്നു ചോദിച്ചാൽ, ഈ 3 സംഭരണ ഏജൻസികളുടേയും കൈവശം ഇന്നുള്ള സ്റ്റോക്ക് എന്നു പറയുന്നത് 30000 ടൺ റബ്ബറാണ്. ഒരു ലക്ഷത്തി അറുപത്തേഴായിരം ടൺ സ്വാഭാവിക റബ്ബർ മാർക്കറ്റിൽ കെട്ടിക്കിടക്കുമ്പോൾ ഈ സംഭരണ ഏജൻസികൾ സംഭരിച്ച മിച്ച റബ്ബർ ആകെ ഇപ്പോൾ കൈവശമുള്ളത്. 30000 ടണ്ണാണ്. അപ്പോൾ 30000 ടൺ സ്റ്റോക്ക് വച്ചുകൊണ്ട് എങ്ങനെ മാർക്കറ്റിൽ നമുക്ക് ഇംപാക്ട് ഉണ്ടാക്കാം?

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ മാർക്കറ്റിൽ പ്രൈസ് കൂട്ടാൻ കഴിയും? അതുകൊണ്ട് ഇന്ന് മാർക്കറ്റിൽ വില ഉയരാതിരിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം സബ് സ്റ്റാൻഷ്യലായിട്ടുള്ള ഒരു ക്വാണ്ടിറ്റിയാണ്. മാർക്കറ്റിൽ കെട്ടിക്കിടക്കുന്ന മിച്ച റബ്ബറിൽ സബ്സ്റ്റാൻഷ്യലായ ഒരു ക്വാണ്ടിറ്റി റബ്ബർ സംഭരിക്കാൻ, അതു സൂക്ഷിച്ചു വയ്ക്കാൻ കഴിയാത്തതുകൊണ്ടാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിക്കുകയാണ്. സൂചിതവില 34 രൂപ എന്തിനാണ്? ആ പ്രഖ്യാപനം ഒരു പ്രഹസനമാണ്. 34 എന്നുള്ളത് 40 ആക്കിയാലോ, 50 ആക്കിയാലോ ഉള്ള പ്രയോജനം എന്നു പറയുന്നത് സൂചിത വില കൃഷിക്കാർക്ക് കിട്ടണം എന്നുള്ളതുകൊണ്ടാണ്. അതിന്റെ അർത്ഥം സൂചിതവിലയ്ക്ക് റബ്ബർ വാങ്ങണം എന്നാണ്. സൂചിതവില എത്രയാക്കിയാലും എത്ര ഉയർത്തിയാലും ആ ഉയർത്തി പ്രഖ്യാപിക്കുന്ന വിലയ്ക്ക് ഗവണ്മെന്റ് ഏജൻസികൾ റബ്ബർ സംഭരിക്കാൻ തയ്യാറാകുന്നില്ലായെങ്കിൽ സൂചിതവില പ്രഖ്യാപനം കൊണ്ട് ഒരു പ്രയോജനവുമില്ല. അതുകൊണ്ട് ഗവണ്മെന്റ് ചെയ്യേണ്ടിയിരുന്നത്, സൂചിതവിലയായ ഒരു കിലോ റബ്ബർ ആർ.എസ്.എസ്. 4ന് 34.5 രൂപയാണ്. സൂചിതവിലയായ 34 രൂപ വച്ച് റബ്ബർ സംഭരിക്കേണ്ടിയിരുന്നു; സംഭരിച്ചില്ല. ഞാൻ ആവശ്യപ്പെടുന്നത് ആ സൂചിതവിലയ്ക്ക് റബ്ബർ സംഭരിക്കണം. ഇനി, അതിനു കഴിയുന്നില്ലെങ്കിൽ ഈ വാങ്ങുന്ന റബ്ബർ ഉടനെ വിറ്റഴിക്കരുത്. വാങ്ങുന്ന റബ്ബർ, കമ്പോളവില സൂചിതവിലയോടൊപ്പം ഉയരുന്നതുവരെ സ്റ്റോക്ക് ചെയ്യണം. കമ്പോളവില 34 രൂപയായി ഉയരുന്നതു വരെ വാങ്ങിയ റബ്ബർ സ്റ്റോക്കു ചെയ്യണം. ഒരു ആറുമാസം സ്റ്റോക്ക് ചെയ്യാം. അല്ലെങ്കിൽ 9 മാസം സ്റ്റോക്ക് ചെയ്യാം. കുറെ ചീത്തയായെങ്കിൽ പോകട്ടെ, കുറെ നഷ്ടപ്പെടട്ടെ. അപ്പോൾ അതിന്റെ അർത്ഥം എന്താണ്? ഗവണ്മെന്റ് നഷ്ടം സഹിച്ചും കമ്പോളവില സൂചിതവിലയോടൊപ്പം ഉയരുന്നതുവരെ റബ്ബർ സ്റ്റോക്ക് ചെയ്യണം. അതാണ് മാർക്കറ്റ് ഇന്റർവെൻഷൻ. അതിവിടെ നടന്നില്ല. ഞാൻ പറയുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, സൂചിത വിലയ്ക്ക് റബ്ബർ വാങ്ങണം. അല്ലെങ്കിൽ കമ്പോളവില സൂചിതവിലയോടൊപ്പം ഉയരുന്നതുവരെ സംഭരിച്ച റബ്ബർ മാർക്കറ്റിൽ വിറ്റഴിക്കാൻ പാടില്ല. ഇന്ന് സംഭരണ ഏജൻസികൾ സംഭരണ ഏജൻസികൾ അല്ല. അവർ വെറും വ്യാപാരികളായി മാറിയിരിക്കുന്നു. കൃഷിക്കാർക്കുവേണ്ടി റബ്ബർ സംഭരിക്കുകയല്ല അവർ ചെയ്യുന്നത്. അവർ വാങ്ങുന്നത് അൽപ്പം വില കൂടുമ്പോൾ ആ തക്കം നോക്കി ഉടനെ വിറ്റഴിച്ചു ലാഭമുണ്ടാക്കുന്നു. അവർ സംഭരിക്കുകയല്ല, അവർ റബ്ബർ വാങ്ങി ലാഭവിലയ്ക്ക് വിറ്റഴിക്കുകയാണ്. അവർ വെറും വ്യാപാരികളാണ്. സംസ്ഥാന റബ്ബർ വ്യാപാരികളും നമ്മുടെ സംഭരണ ഏജൻസികളുമായി യാതൊരു വ്യത്യാസവുമില്ല. സംഭരണ ഏജൻസികൾ അങ്ങനെ ചെയ്യുന്നുവെങ്കിലും ഞാൻ കുറ്റം പറയുന്നില്ല. അവർക്ക് പതിനെട്ടര ശതമാനം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഇന്ററസ്റ്റ് കൊടുക്കണം. ഒരു ശതമാനം ഗ്യാരന്റി കമ്മിഷന് കൊടുക്കണം ഒരു കിലോ റബ്ബർ ഇങ്ങനെ വാങ്ങി സ്റ്റോക്ക് ചെയ്യണമെങ്കിൽ അവർക്ക് 75 പൈസ ചെലവു വരും. അപ്പോൾ റബ്ബർ വിലയെ സംബന്ധിച്ചിടത്തോളം അവർ സ്റ്റോക്ക് ചെയ്യുമ്പോൾ ചിലപ്പോൾ നഷ്ടം വരാം. അതുകൊണ്ട് ഞാൻ പറയുന്നത്. സംഭരണ ഏജൻസികൾക്ക് സബ്സ്റ്റാൻഷ്യൽ സപ്പോർട്ട് കൊടുക്കണം. സംഭരണ ഏജൻസികൾ റബ്ബർ പിടിച്ചുവച്ചു കൊണ്ടിരുന്നാൽ ആ ഏജൻസികൾക്ക് നഷ്ടമുണ്ടാകും എന്നുള്ള ഭയം കൊണ്ട്, ആ അനുഭവത്തിൽ അവർ പെട്ടെന്ന് പെട്ടെന്ന് റബ്ബർ വിൽക്കുകയാണ്. അപ്പോൾ ഗവണ്മെന്റിന്റെ സബ്സ്റ്റാൻഷ്യൽ, ഫിനാൻഷ്യൽ സപ്പോർട്ട് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും രൂപ എടുത്ത് ഗ്യാരന്റി

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നുവെന്നു മാത്രം പറഞ്ഞാൽ പോര. അവർക്കുണ്ടാകുന്ന നഷ്ടം നികത്തികൊടുക്കാൻ പോലും ഗവണ്മെന്റ് തയ്യാറല്ല. അതുകൊണ്ട് ഇന്നത്തെ സംഭരണം വെറും പ്രഹസനമായി മാറിയിരിക്കുന്നു. കേരളത്തിലെ 8 ലക്ഷം റബ്ബർ കൃഷിക്കാർക്കു വേണ്ടി ഞാൻ ഈ നിയമസഭയിൽ പറയുകയാണ്. സത്യസന്ധമായി പറയുകയാണ് ഈ റബ്ബർ വാങ്ങൽ ഈ പ്രഹസനം അവസാനിപ്പിക്കണം. ഇത് വിറ്റഴിച്ച് റബ്ബറിന് ലാഭം ഉണ്ടാക്കുകയാണ് ആകെ ഈ ഗവണ്മെന്റ് ചെയ്തത് 300 ടൺ സിങ്കപ്പൂരിലേക്ക് കപ്പലിൽ കയറ്റി അയച്ചു. 15000 ടൺ കൊട്ടും കുരവയും സപ്ളിമെന്റുമൊക്കെ നടത്തി സിങ്കപ്പൂരിലേക്ക് കയറ്റുമതി ചെയ്തു. കൊച്ചിയിൽ നിന്നും കപ്പൽ കയറ്റുമ്പോൾ 300 ടണ്ണേയുള്ളു. ഏതായാലും നല്ല കാര്യം. 300 ടൺ എങ്കിലും കയറ്റുമതി ചെയ്തു. ഞങ്ങൾ കയറ്റുമതിയെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ പറഞ്ഞപ്പോൾ ലോകത്തൊരിടത്തും ടയർ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഡിമാന്റില്ല എന്നു പറഞ്ഞ ഗവണ്മെന്റ് ഇപ്പോൾ പറയുന്നു ടയർ ഉണ്ടായി. 300 ടൺ കയറ്റുമതി ചെയ്തു എന്ന്. ഞാനൊരു കാര്യം പറയാനാഗ്രഹിക്കുന്നത് കഴിഞ്ഞ മൂന്നുവർഷക്കാലം ഇന്റർനാഷണൽ മാർക്കറ്റ് പലപ്പോഴും ഉയർന്നു നിന്നു. നവംബർ മാസത്തിൽ ഇന്റർനാഷണൽ മാർക്കറ്റ് ഇവിടുത്തേക്കാൾ ഉയർന്നു നിന്നിരുന്നു. അങ്ങനെ നിന്ന കാലത്തുപോലും നമുക്ക് റബ്ബർ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഗവണ്മെന്റിന് ആത്മാർത്ഥത യുണ്ടായിരുന്നുവെങ്കിൽ കൂടുതൽ റബ്ബർ കയറ്റുമതി ചെയ്യാൻ കഴിയു മായിരുന്നു. ഇപ്പോൾ അവസാനം മൂന്നുവർഷം കഴിഞ്ഞ ഒരു വർഷം പാഴായ തിനുശേഷം ഈയടുത്തകാലത്ത് 300 ടൺ റബ്ബർ കപ്പലിൽ കയറ്റിയ യച്ചുവെന്നുള്ളത് പേരിനുപറഞ്ഞാൽ കയറ്റുമതി ചെയ്തു. അതുകൊണ്ടുമാത്രം പ്രശ്നം അവസാനിക്കുന്നില്ല. റബ്ബറൈസേഷൻ കോൺഫറൻസ് വിളിച്ചു. നല്ലകാര്യം. ഇന്ന് മാനത്തുനിന്ന് പൊട്ടിവീണ ടെക്നോളജിയല്ല. 20 വർഷങ്ങൾക്കു മുൻപ് ഇവിടെ ഒരു ടെക്നോളജിയുണ്ട്. ഗവണ്മെന്റിന് ആത്മാർത്ഥത ഉണ്ടായിരുന്നുവെങ്കിൽ ഇതിനോടകം എത്രയോ റോഡുകൾ റബ്ബറൈസ്ഡ് ചെയ്യാമായിരുന്നു. എത്രയോ റബ്ബർ കയറ്റുമതി ചെയ്യാ മായിരുന്നു. അതുകൊണ്ട് 300 ടൺ കയറ്റുമതി ചെയ്യുന്നതുകൊണ്ടും റബ്ബറൈസേഷൻ കോൺഫറൻസു വിളിച്ചതു കൊണ്ടും കേരളത്തിലെ റബ്ബർ കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. പരിഹരിക്കപ്പെടണമെങ്കിൽ പ്രഖ്യാപിതവില 34 ആക്കട്ടെ. 50 ആക്കട്ടെ ഇനിയും ഉയർത്തണമെന്ന് പ്രമേയം വന്നിട്ടുണ്ട്. എനിക്ക് എതിർപ്പില്ല. ഉയർത്തണമെന്ന് സബ്മിഷനുണ്ട്. എനിക്കെ തിർപ്പില്ല. പ്രഖ്യാപിത വില സൂചിതവിലയ്ക്ക് റബ്ബറെടുക്കാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണം. രണ്ടാമത് കമ്പോളവില സൂചിതവിലയോടൊപ്പം എത്തുന്നതുവരെ സംഭരിച്ച റബ്ബർ വിപണിയിലേയ്ക്ക് വിറ്റഴിക്കാൻ പാടില്ല. അത് സൂക്ഷിച്ചു വയ്ക്കണം, അതിൽ നിന്നുണ്ടാകുന്ന നഷ്ടം ഗവണ്മെന്റ് വഹിക്കണം. അതുപോലെത്തന്നെ കൂടുതൽ റബ്ബർ കയറ്റുമതി ചെയ്യണം. റബ്ബറിന്റെ കൺ സംപ്ഷൻ കൂടുതൽ ഉയർത്തുവാനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ട് മുന്നോട്ടു പോകണം. ഇന്നത്തെ റബ്ബറിന്റെ പ്രശ്നം കേരളത്തിലെ സമ്പദ്വ്യവസ്ഥ വാസ്തവത്തിൽ തളർത്തി സാമ്പത്തികസ്ഥിതി രൂക്ഷമായിരിക്കുന്നതിന് പ്രധാന കാരണം റബ്ബറിന്റെ വിലയിടിവാണ്. അത് പരിഹരിക്കുവാൻ ആത്മാർത്ഥമായ ഒരു ശ്രമം ഗവണ്മെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : ഇത്രവേഗം അവസാനിച്ചോ മാണീ, മാണിയുടെ പട്ടയം തീർന്നോ? ഇനി റബ്ബറേ ബാക്കിയുള്ളു. കോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

പട്ടയത്തിന് അഫിഡവിറ്റ് കൊടുക്കാൻ താമസിച്ചല്ലോ. ഇനിയിപ്പോൾ വരാൻ പോകുന്നത് റബ്ബറാണ്. റബ്ബറിന്റെ രണ്ടു പ്രശ്നങ്ങളാണ് മാണി പറഞ്ഞത്. ഒന്ന്, സബ്സ്റ്റാൻഷ്യൽ ഫിനാൻഷ്യൽ സപ്പോർട്ടു വേണം. രണ്ട്, സംഭരണം പ്രഹസനമാണ്. മാണിയുടെ അർത്ഥത്തിൽ കേരളം ഒരു സ്വതന്ത്രരാജ്യമാണ്. മാണിയുടെ പാർട്ടിക്ക് അങ്ങനെയാണ്. ഇതൊരു ഇൻഡിപെൻഡന്റ് രാജ്യമാണ്. മുഴുവൻ സബ്സ്റ്റാൻഷ്യൽ ക്വാണ്ടിറ്റിയും നമ്മൾ കൊടുക്കണം. മാണിയുടെ പാർട്ടി കേരളപാർട്ടിയല്ലേ. രണ്ട് എം.എൽ.എ.മാരുള്ള പാർട്ടിയല്ലേ ഇത്. അപ്പോൾ ആ പാർട്ടിക്ക് സബ്സ്റ്റാൻഷ്യൽ സപ്പോർട്ട് ഞങ്ങൾ കൊടുക്കണം. ബഹുമാനപ്പെട്ട മെമ്പറെ, സബ്സ്റ്റാൻഷ്യൽ സപ്പോർട്ടിന് കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് ഒറ്റവാക്ക് പറഞ്ഞില്ല. നമ്മുടെ കേരളം സാമ്പത്തികമായി ദുരിതത്തിലാഴുന്ന ഈ കാലഘട്ടത്തിൽ കേന്ദ്രം കുറച്ച് സഹായിക്കണമെന്ന് ഒരു വാക്കുപോലും അരമണിക്കൂർ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. അത് ഇരിക്കട്ടെ

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ.എം. മാണി</u> : സർ,.....

<u>ശ്രീ. ഇ.കെ. നായനാർ</u> : ഞാൻ പറയുന്നത്.....മാണി ഇരിക്ക്.....തുള്ളണ്ട.....മാണി തുള്ളണ്ട.....തുള്ളിയാൽ ചട്ടിയിൽ..... ചെമ്മീൻ തുള്ളിയാൽ ചട്ടിയിൽ. അതുകൊണ്ട് ശ്രീ. മാണി തുള്ളണ്ട. മറ്റൊന്ന് സംഭരണം; അതിനു പൈസ വേണ്ടേ? ഫിനാൻഷ്യൽ സപ്പോർട്ടു കൊടുക്കണം. അത് എവിടെയാണ്? ബി.ജെ.പി. ഗവണ്മെന്റിനോട് ഒരു വാക്കു ചോദിച്ചോ? ചോദിക്കാതെയാണ് ഇവിടെ പറയുന്നത്. ഞങ്ങൾ ദുരിതത്തിലാണെന്ന് കേന്ദ്രത്തോട് ഒരുവാക്ക് ചോദിച്ചോ? മാണി പറഞ്ഞത് സബ്സ്റ്റാൻഷ്യൽ സപ്പോർട്ട് വേണമെന്നാണ്. അരമണിക്കൂർ പ്രസംഗത്തിൽ ഒരു വാക്കു പോലും ബി.ജെ.പി. ഗവണ്മെന്റിനോട് ചോദിച്ചിട്ടില്ല. അപ്പോൾ മാണിയുടെ പട്ടയം പോയി, ഇരിക്കട്ടെ. സ്വാഭാവിക റബ്ബറിന്റെ വിലത്തകർച്ചയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് കഴിയാവുന്ന കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബറിന് നാളിതുവരെ താങ്ങുവില പ്രഖ്യാപിച്ച് സംഭരണം നടത്തിയിട്ടില്ല. 1994-ൽ 24.09 രൂപയാണ് കേന്ദ്ര സർക്കാർ ഒരു കിലോ റബ്ബറിന് ബഞ്ച് മാർക്ക് വില പ്രഖ്യാപിച്ചിരുന്നത്. ഈ വില 1998-ൽ 34.05 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ബഞ്ച് മാർക്ക് വിലയ്ക്കെങ്കിലും റബ്ബർ സംഭരണം നടത്തണമെന്ന് മന്ത്രിയോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ശ്രീ. മാണി ഇപ്പോൾ കേന്ദ്രത്തിന്റെ കൂടെയാണ്. 50,000 മെട്രിക് ടൺ റബ്ബർ മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം നൽകി സംഭരിക്കുവാൻ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്കോ എന്നീ ഏജൻസികളെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈകാര്യ ചെലവിനത്തിൽ ഒരു കിലോ റബ്ബറിന് 50 പൈസ നൽകാനും തീരുമാനിച്ചിട്ടുണ്ട്. 1997-98-ലെ ഉൽപ്പാദനം 5,83,830 ടണ്ണായിരുന്നു. എന്നാൽ ആഭ്യന്തര ഉപഭോഗമാകട്ടെ 5,71,820 ടൺ മാത്രമായിരുന്നു. 12,012 ടൺ സ്വാഭാവിക റബ്ബർ അധികമുണ്ടായിരുന്ന ഈ വർഷവും 29,359 ടൺ റബ്ബർ കേന്ദ്രത്തിന്റെ സമ്മതത്തോടുകൂടി ഇറക്കുമതി ചെയ്തിട്ടുണ്ട്. ശ്രീ. കെ.എം. മാണിക്ക് അത് പ്രശ്നമല്ല. ഇതിനെപ്പറ്റി ഒരക്ഷരം കെ.എം. മാണി അരമണിക്കൂർ പ്രസംഗത്തിൽ മിണ്ടിയില്ല. 13,000 ടൺ അധിക ഉൽപ്പാദനം ഉണ്ടായിരുന്ന 1998-99-ൽ 26,000 ടൺ നാചറൽ റബ്ബർ ഇറക്കുമതി ചെയ്തു. ഇറക്കുമതിയെപ്പറ്റി പറയാൻ ബഹുമാനപ്പെട്ട മാണിക്ക് താൽപ്പര്യമില്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഉദ്ദേശം 40,000 ടൺ റബ്ബർ വീതം

ഇൻഡ്യയിൽ അധികമായി ഉണ്ടാക്കുകയും ഇത് നാചുറൽ റബ്ബർ വ്യവസായത്തെ കൂടുതൽ പ്രതിസന്ധിയിലാക്കുകയും റബ്ബർ കൃഷിക്കാരെയാകെ നിരാശരാക്കുകയും ചെയ്തിട്ടുണ്ട്. ഇറക്കുമതി പൂർണ്ണമായും നിർത്തലാക്കിയാൽ 12,000 ടൺ മുതൽ 13,000 ടൺവരെ മാത്ര മാണ് ഒരു വർഷം അധികമായി റബ്ബർ ഉലപ്പാദിപ്പിക്കപ്പെടുന്നത്. 5,90,000 ടണ്ണി ലധികം നാചുറൽ റബ്ബർ അധികമായി ഉപഭോഗം ചെയ്യുന്ന ഇൻഡ്യയിലെ റബ്ബർ ഉൽപ്പാദന നിർമ്മാണ മേഖലയെ സംബന്ധിച്ചിടത്തോളം 13,000 ടൺ നാചുറൽ റബ്ബർ അധികം ഉപഭോഗം ചെയ്യുന്നതിന് ആവശ്യമായ റബ്ബർ ഉൽപ്പന്ന വ്യവസായങ്ങൾ പുതുതായി ആരംഭിക്കുവാൻ യാതൊരു പ്രയാസവുമില്ല. പൊതുമേഖലാസ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബി ലിറ്റേഷൻ പ്ലാന്റേഷൻ എന്നിവ ഉൽപ്പാദിപ്പിക്കുന്ന മൊത്തം ലാറ്റക്സിന്റെ 25 ശതമാനം കയറ്റി അയയ്ക്കാൻ ഉത്തരവായിട്ടുണ്ട്. റബ്ബർ കയറ്റുമതി ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റബ്കോ) റബ്ബർ ഇറക്കുമതി ചെയ്തുകഴിഞ്ഞു. കയറ്റുമതി മൂലമുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്നതാണ്. ഉല്പാദന ചെലവുമായി ബന്ധപ്പെട്ട് താങ്ങുവില പ്രഖ്യാപിക്കണമെന്നും എസ്.റ്റി.സി. മുഖേന 30,000 ടൺ റബ്ബർ ഉടൻ ശേഖരിക്കണമെന്നും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കണ മെന്നും റോഡ് റബ്ബറൈസ്ഡ് ചെയ്യണമെന്നുമുള്ള ആവശ്യങ്ങൾക്ക് അനുകൂലമായ പ്രതികരണമല്ല കേന്ദ്രത്തിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഇതു പറയണ്ടേ? കേന്ദ്രത്തെപ്പറ്റിയുള്ള കാര്യങ്ങൾ പറയാതെ അവസാനിപ്പിച്ചാൽ ശ്രീ. മാണി വിചാരിക്കുന്നതുപോലെ കേരളം റിപ്പബ്ലിക്കാണെന്നു ധരിക്കും. അതാണ് മാണിയുടെ പാർട്ടിയുടെ അഭിപ്രായം. അത് നമുക്കില്ല. കേരളം ഇൻഡ്യയുടെ ഒരു ഭാഗമാണ്. അത്രേയുള്ളു. നമ്മളും മറ്റ് പ്രതിപക്ഷങ്ങളും മാണിയുടെ കൂട്ടത്തിലില്ല. ഇത് സ്വതന്ത്ര റിപ്പബ്ലിക്കല്ലേ. ഫിനാൻഷ്യൽ സപ്പോർട്ട് നമ്മൾ കൊടുക്കണമല്ലോ. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വൻതോതിൽ റബ്ബർ ഇറക്കുമതി ഇപ്പോൾ കഴിഞ്ഞു. ഇതിനകംതന്നെ 810 മെട്രിക് ടൺ റബ്ബർ റബ്കോ മുഖാന്തരം കയറ്റുമതി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ മാസം അവസാനത്തോടുകൂടി 4,200 മെട്രിക് ടൺ റബ്ബർ കൂടി കയറ്റുമതി ചെയ്യുന്നതാണ്. കയറ്റുമതി തുടർന്നുകൊണ്ടുപോകുവാൻ കഴിയുമെന്നാണ് തോന്നുന്നത്. ഇതുവരെ കയറ്റുമതി ചെയ്ത റബ്ബറിനുണ്ടായ നഷ്ടപരിഹാരം കൊടുക്കാൻ ഗവണ്മെന്റിന് 10 കോടി രൂപ നൽകേണ്ടിവരും. റോഡ് റബ്ബറൈസ്ഡ് ചെയ്യുന്ന പണി പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടുകൂടി ആരംഭിച്ചു കഴിഞ്ഞു. റബ്ബറിന്റെയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി നിരോധിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20.2.1999 മുതൽ റബ്ബറിന്റെ ഇറക്കുമതി താൽക്കാലികമായി നിരോധിച്ചിട്ടുണ്ട്. സമ്മർദ്ദം ചെലുത്തിയതുകൊണ്ട് കേന്ദ്രത്തിൽ എസ്.ടി.സി. മുഖേന 1.9.1997 മുതൽ 31.10.99 വരെ സംഭരിച്ച റബ്ബറിന് വാങ്ങൽ നികുതി ഇളവനുവദിച്ച് സംസ്ഥാനസർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുമൂലം സംസ്ഥാന സർക്കാരിന് ഭീമമായ നഷ്ടമുണ്ടാകുന്നതാണ്. കഷ്ടപ്പെടുന്ന പത്തു ലക്ഷത്തോളം റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സംസ്ഥാന ഗവണ്മെന്റിന്റെ സാമ്പത്തികപരിധിയിൽ നിന്നുകൊണ്ട് കഴിയുന്നത്ര പരിശ്രമം തുടങ്ങിയിട്ടുണ്ട്. ഇനിയും കഴിയുന്നത്ര പരിശ്രമം സത്വരമായി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ.എം. മാണി : സർ, ഞാൻ ശ്രദ്ധക്ഷണിക്കലിൽ പറഞ്ഞ ഒരു കാര്യത്തിനു മറുപടി പറഞ്ഞില്ല. എനിക്ക് ഒരു ചോദ്യമേയുള്ളു. സൂചിത വിലയ്ക്ക് റബ്ബർ വാങ്ങുമോ; അല്ലെങ്കിൽ വാങ്ങുന്ന റബ്ബർ കമ്പോള വില സൂചിത വിലയോടൊപ്പം ഉയരുന്നതു വരെ സൂക്ഷിച്ചു വയ്ക്കുമോ, ഗവണ്മെന്റ് അതിനു നടപടി സ്വീകരിക്കുമോ, കമ്പോള വില സൂചിതവിലയോടൊപ്പം ഉയരുന്നതുവരെ വാങ്ങുന്ന റബ്ബർ സംഭരിച്ചു വയ്ക്കുമോ, അതിനുള്ള നിർദ്ദേശം ഗവണ്മെന്റ് കൊടുക്കുമോ?

ശ്രീ. ഇ.കെ. നായനാർ : റബ്ബർ കർഷകരെ സഹായിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കും.

(2) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആന്റണി രാജു : സർ, തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് പുനഃസ്ഥാപിക്കണമെന്നുള്ള സ്വപ്നം ഈ സഹസ്രാബ്ദത്തിൽ തന്നെ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയിലാണ് ഈ വിഷയത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. പത്താം നിയമസഭയുടെ 12-ാം സമ്മേളനമാണിത്. ഈ നിയമസഭയിൽ ഞാൻ തന്നെ ഈ വിഷയം നാലു സബ്മിഷനുകളിലൂടെയും നാലു ശ്രദ്ധക്ഷണിക്കലുകളിലൂടെയും അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രയോജനമുണ്ടായിട്ടുണ്ട്. ആദ്യമൊക്കെ ഹൈക്കോടതി ബഞ്ചു ഉണ്ടാകുന്നതിനെ എതിർത്തിരുന്ന അപ്പുറത്തെ ആളുകൾ കൂടി ബെഞ്ച് വേണമെന്നുള്ള നിലയിലേക്ക് ഇപ്പോൾ വന്നിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ ബഞ്ച് തിരുവനന്തപുരത്ത് ഉടനെ സ്ഥാപിക്കണമെന്നുള്ളത് തെക്കൻ കേരളത്തിന്റെ മാത്രം ആവശ്യമല്ല. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും കേരളത്തിലെ എല്ലാ പാർട്ടികളുടെയും ആഗ്രഹവും ആവശ്യവുമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ ആഗ്രഹത്തിനും ആവശ്യത്തിനും പിന്നിൽ വലിയൊരു ചരിത്രമുണ്ട്. പഴയ തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് ഒരു നൂറ്റാണ്ടിനു മുമ്പ് തന്നെ ഹൈക്കോടതി പ്രവർത്തിച്ചിരുന്നു. നൂറ്റാണ്ടുകളായി ഇവിടത്തെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഒരു സൗകര്യം പുനഃസ്ഥാപിക്കണമെന്നുള്ളതു മാത്രമാണ് ഞങ്ങളുടെ ആവശ്യം. തിരു- കൊച്ചി സംയോജനങ്ങളെ തുടർന്ന് ഒരു പൊളിറ്റിക്കൽ അറേഞ്ചുമെന്റിന്റെ ഭാഗമായിട്ടാണ് 1949-ൽ ഹൈക്കോടതി എറണാകുളത്തേയ്ക്കു മാറ്റിയത്. അതിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭങ്ങളുടെ കൊടുങ്കാറ്റ് കേരളത്തിന് ഒരിക്കലും മറക്കാനാകില്ല. പതിനായിരങ്ങൾ അറസ്റ്റു വരിച്ചു. ബന്ദുകളുടെയും സമരങ്ങളുടെയും ഒരു ഘോഷയാത്ര കേരളത്തിൽ നടന്നു. ഒടുവിൽ 1954-ൽ തിരുവനന്തപുരത്ത് വീണ്ടും ബഞ്ചു സ്ഥാപിതമാകുകയാണുണ്ടായത്. തുടർന്ന് കേരള സംസ്ഥാന രൂപീകരണത്തോടെ 1956-ൽ ഹൈക്കോടതി ബഞ്ച് പ്രവർത്തനം നിലച്ചു പോകുകയാണുണ്ടായത്. റീ-ഓർഗനൈസേഷൻ ആക്ടിൽ 51(2) പ്രകാരം ഒരു സംസ്ഥാനത്ത് ഒന്നിൽ കൂടുതൽ ഹൈക്കോടതി ബഞ്ചുകൾ സ്ഥാപിക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

The President may after consultation with the Governor of the state and the Chief Justice of the High Court by notified order provide for the establishment

LIBRARY ARCHIVES Kerala Legislative Assembly